*'CORRUPTION, A CRIME AGAINST NATION'*

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393
തീയതി : 15/02/2018

**No.03/2018/VACB**

## കൈക്കൂലി വാങ്ങുന്നതിനിടയിൽ സബ് രജിസ്ട്രാർ വിജിലൻസ് പിടിയിൽ.

ആധാരം രജിസ്റ്റർ ചെയ്തു നൽകുവാൻ കൈക്കൂലി ആവശ്യപ്പെട്ട് വാങ്ങുന്നതിനിടയിൽ സബ് രജിസ്ട്രാർ അറസ്റ്റിൽ. തളിപ്പറമ്പ് രജിസ്ട്രേഷൻ ഓഫീസിലെ സബ് രജിസ്ട്രാർ വിനോദിനെയാണ് കണ്ണൂർ വിജിലൻസ് സംഘം ഇന്ന് (15/02/2018) ഉച്ചയ്ക്ക് അറസ്റ്റ് ചെയ്തത് . തളിപ്പറമ്പ് കരിമ്പം മുജീബ് മൻസിലിൽ സജീർ അഹമ്മദ്; കുറുമത്തൂർ എന്ന സ്ഥലത്ത് വാങ്ങിയ എട്ടേമുക്കാൽ സെന്റ് സ്ഥലം രജിസ്റ്റർ ചെയ്തു നൽകുവാൻ വിനോദ് 3000/-രൂപ കൈക്കൂലി ആവശ്യപ്പെട്ടിരുന്നു. ഈ വിവരം സജീർ വിജിലൻസിനെ അറിയിക്കുകയും വിജിലൻസ് കെണിയൊരുക്കുകയും ആയിരുന്നു. തുടർന്ന് വിജിലൻസിന്റെ നിർദേശാനുസരണം തുക കൈമാറുന്നതിനിടയിലാണ് പ്രതിയെ വിജിലൻസ് സംഘം പിടികൂടിയത്.